**പതിമൂന്നാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3886** — **25.6.2013-ലെ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിൽ കിൻഫ്രയ്ക്ക് നൽകിയ സ്ഥലം**

| **ചോദ്യം**<br>ശ്രീ.കെ. കുഞ്ഞിരാമൻ (ഉദുമ) | | **ഉത്തരം**<br>ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | കാസർഗോഡ് ജില്ലയിൽ മൈലാട്ടിയിൽ കെ.എസ്.ടി.സി യുടെ അധീനതയിലുള്ള എത്ര ഏക്കർ സ്ഥലമാണ് കിൻഫ്രയ്ക്ക് നൽകിയിട്ടുള്ളത് എന്നറിയിക്കാമോ; | എ) & ബി) | വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ കേരള സ്റ്റേറ്റ് ടെക്സ്റ്റെയിൽ കോർപ്പറേഷന് (KSTC) കൈവശമുള്ള ഉദുമയിലെ 16.83 ഏക്കർ ഭൂമി സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്) നം. 232/2010/ID തീയതി 19.11.2010, ജി.ഒ. (ആർ.ടി) നം.675/2011/ID തീയതി. 16.5.2011 എന്നിവ പ്രകാരം കിൻഫ്രയ്ക്ക് കൈമാറുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ഭൂമിയെ സംബന്ധിച്ചുള്ള ബന്ധപ്പെട്ട രേഖകൾ ടെക്സ്റ്റെയിൽ കോർപ്പറേഷനിൽ നിന്നു ലഭിക്കുന്ന മുറയ്ക്ക് ഭൂമി ഏറ്റെടുക്കൽ നടപടികൾ കിൻഫ്ര പൂർത്തീകരിക്കുന്നതാണ്.<br>കെ.എസ്.ടി.സി അംഗീകരിച്ച വാല്യുവർ നിശ്ചയിക്കുന്ന വിലയ്ക്ക് കിൻഫ്രയ്ക്ക് വിൽക്കാനാണ് അനുമതി നൽകിയിരുന്നത്. സെന്റൊന്നിന് 18,300/- രൂപയാണ് ഇപ്പോൾ നിശ്ചയിച്ചിരിക്കുന്ന വില. |
| ബി) | ഈ സ്ഥലം കിൻഫ്രയ്ക്ക് എന്നാണ് നൽകിയതെന്നും നൽകുമ്പോഴുള്ള വ്യവസ്ഥകൾ എന്താണെന്നും വിശദമാക്കാമോ; | | |
| സി) | സ്ഥലം ലഭ്യമായതിനുശേഷം കിൻഫ്ര പ്രസ്തുത സ്ഥലം പ്രയോജനപ്പെടുത്തി എന്ത് വ്യവസായമാണ് കൊണ്ടുവന്നിട്ടുള്ളതെന്ന് വിശദമാക്കുമോ? | സി) | പ്രസ്തുത സ്ഥലത്ത് ഒരു സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറിയും ചെറുകിട ഇടത്തരം വ്യവസായങ്ങൾക്കുള്ള ഒരു മിനി ഇൻഡസ്ട്രിയൽ പാർക്കുമാണ് കിൻഫ്ര വിഭാവനം ചെയ്തിട്ടുള്ളത്. |

Haseen Kaeed

**സെക്ഷൻ ഓഫീസർ**